പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8018 24.07.2012 -ലെ മറുപടി

## മങ്കട മണ്ഡലത്തിൽ പുതിയ കെ.എസ്.ആർ.ടി.സി ബസ്സുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതിയ കെ.എസ്.ആർ.ടി.സി ബസ്സുകൾ അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | തിരൂർ, താനൂർ, പൊന്നാനി, മലപ്പുറം, നിലമ്പൂർ, പെരിന്തൽമണ്ണ, വണ്ടൂർ, വെങ്ങര, കോട്ടയ്ക്കൽ, കൊണ്ടോട്ടി, മങ്കട, ഏറനാട്, മഞ്ചേരി, തിരൂരങ്ങാടി, തവനൂർ എന്നീ മണ്ഡലങ്ങളിൽ കെ.എസ്.ആർ.ടി.സി. പുതിയ സർവ്വീസ്സുകൾ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതുവരെ പുതിയ ഒരു കെ.എസ്.ആർ.ടി.സി ബസ്സുപോലും അനുവദിക്കാത്ത മലപ്പുറം ജില്ലയിലെ ഏതെല്ലാം മണ്ഡലങ്ങളിലാണ് പുതുതായി ബസ്സുകൾ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | വള്ളിക്കുന്ന് മണ്ഡലത്തിൽ പുതുതായി സർവ്വീസുകൾ ഒന്നും ആരംഭിച്ചിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | പുതുതായി ഒരു കെ.എസ്.ആർ.ടി.സി ബസ്സ് അനുവദിച്ചു എന്ന് അറിയിച്ചിട്ടും ആയത് ഇതു വരെ അനുവദിക്കാത്ത മങ്കട മണ്ഡലത്തിൽ പുതിയ ബസ്സ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മങ്കട മണ്ഡലത്തിൽ ആവശ്യപ്പെട്ട സർവ്വീസ് ഷോർട്ട് വീൽ ബെയ്സ്ഡ് ബസ് ഉപയോഗിച്ചു മാത്രമെ നടത്തുവാൻ കഴിയുകയുള്ളൂ എന്നതിനാൽ ബസ് ലഭ്യമാകുന്ന മുറയ്ക്കേ ആവശ്യപ്പെട്ട സർവ്വീസ് ആരംഭിക്കാൻ നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ